II- ഇ.ബി. XII കേരള നിയമസഭ/ VIII-10

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2008 ജൂലായ് 8, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

30 (*301) ജീവനക്കാരുടെ സ്ഥലം മാറ്റത്തിന് പൊതുമാനദണ്ഡം

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ) നൽകിയ മറുപടിയിൽ, സംസ്ഥാന സർക്കാർ ജീവനക്കാരുടെ പൊതു സ്ഥലംമാറ്റത്തിനുള്ള മാനദണ്ഡങ്ങൾ 10-09-2004-ലെ സർക്കാർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. പൊതുസ്ഥലംമാറ്റം വർഷത്തിലൊരിക്കൽ, മേയ് മാസത്തിൽ നടത്തണമെന്നും എന്നാൽ വെക്കേഷൻകാലമുള്ള വകുപ്പുകളിൽ മദ്ധ്യവേനലവധിക്കാലത്താണ് സ്ഥലംമാറ്റം നടത്തേണ്ടതെന്നും പൊതുമാനദണ്ഡങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേയ് മാസമാകുമ്പോൾ തന്നെ സ്ഥലംമാറ്റ നടപടികൾ പൂർത്തീകരിക്കുന്നുണ്ടോയെന്ന് പരിശോധിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ഒരേ സ്ഥലത്ത് 3 വർഷം സർവ്വീസ് പൂർത്തിയാക്കിയിട്ടില്ലാത്ത ജീവനക്കാരെ സ്ഥലംമാറ്റരുതെന്നും എന്നാൽ മൂന്നുവർഷം പൂർത്തിയായെന്ന കാരണത്താൽ മാത്രം ജീവനക്കാരെ മാറ്റേണ്ട

ആവശ്യമില്ലെന്നും വ്യവസ്ഥകളിലുണ്ട്. ഓഫീസുകളുടെ സുഗമമായ പ്രവർത്തനത്തിന് ഏതെങ്കിലും ജീവനക്കാരനെ സ്ഥലം മാറ്റേണ്ട ആവശ്യമുണ്ടെങ്കിൽ ഇക്കാര്യം സ്ഥലംമാറ്റ ഉത്തരവിൽ രേഖപ്പെടുത്തി ഗവൺമെന്റിന് ഏതു ഉദ്യോഗസ്ഥനെയും സ്ഥലം മാറ്റാവുന്നതാണ്. അസുഖംമൂലമോ, അപകടംമൂലമോ, അംഗവൈകല്യം ബാധിച്ച ജീവനക്കാർ, ഗുരുതരമായ രോഗമുള്ള കുടുംബാംഗങ്ങൾ ആശ്രിതരായിട്ടുള്ള ജീവനക്കാർ എന്നിവർക്ക് സഹതാപ പരിഗണന നൽകി സ്ഥലംമാറ്റം നൽകുവാനും വ്യവസ്ഥയുണ്ട്. പെൻഷനാകാൻ രണ്ട് വർഷത്തിൽ താഴെ മാത്രം സർവ്വീസുള്ളവർക്ക് അവർക്ക് താൽപ്പര്യമുള്ള സ്ഥലത്ത് പോസ്റ്റിംഗ് നൽകണമെന്ന് വ്യവസ്ഥയുണ്ട്. ഭാര്യയ്ക്കും ഭർത്താവിനും കഴിയുന്നിടത്തോളം ഒരേ സ്ഥലത്തുതന്നെ പോസ്റ്റിംഗ് നൽകണമെന്നും വ്യവസ്ഥയുണ്ട്. അതിന് വിരുദ്ധമായ നിലയിൽ പോസ്റ്റിംഗ് നടന്നിട്ടുണ്ടെങ്കിൽ തെളിവുസഹിതം അറിയിച്ചാൽ അടിയന്തിരമായി നടപടി സ്വീകരിക്കുന്നതാണ്. ഒരേ സ്ഥലത്തേയ്ക്ക് കൂടുതൽ പേർ അപേക്ഷകരായിട്ടുണ്ടെങ്കിൽ അന്യസ്ഥലത്ത് ഏറ്റവും കൂടുതൽ കാലം ജോലി ചെയ്തവർക്കാണ് മുൻഗണന നൽകേണ്ടത്. കൂടാതെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർ, അംഗവൈകല്യമുള്ളവർ, മിശ്രവിവാഹിതർ, ഡിഫൻസ് സേവനം പൂർത്തിയാക്കിയവർ, ജവാൻമാരുടെ ബന്ധുക്കൾ, സ്വാതന്ത്ര്യ സമരസേനാനികളുടെ ഭാര്യ/ഭർത്താവ്, മകൻ/മകൾ, മാനസിക തകരാറുള്ള മക്കളുള്ളവർ, അംഗീകൃത സർവ്വീസ് സംഘടനകളുടെ പ്രസിഡന്റ് അല്ലെങ്കിൽ ജനറൽ സെക്രട്ടറി എന്നിവർക്ക് മുൻഗണന അനുവദിച്ചുകൊണ്ട് പൊതുമാനദണ്ഡങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സ്ഥലംമാറ്റത്തിനുള്ള പൊതുമാനദണ്ഡം എല്ലാ

വകുപ്പുകൾക്കും ബാധകമാണ്. പൊതുമാനദണ്ഡങ്ങളെ അടിസ്ഥാനമാക്കിയും സർവ്വീസ് സംഘടനകളുമായി ചർച്ച ചെയ്തും ഓരോ വകുപ്പുകൾക്കും പ്രത്യേകമായി ആവശ്യമുള്ള വ്യവസ്ഥകൾ രൂപപ്പെടുത്താമെന്നും പൊതുമാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിൽ സൂചിപ്പിച്ചിട്ടുണ്ട്. എല്ലാ വകുപ്പദ്ധ്യക്ഷൻമാരും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും പൊതുമാനദണ്ഡങ്ങൾക്കനുസൃതമായാണ് സ്ഥലംമാറ്റ ഉത്തരവുകൾ പുറപ്പെടുവിക്കേണ്ടത്. അപ്രകാരം ഉത്തരവു പുറപ്പെടുവിക്കുമ്പോൾ ഏതെങ്കിലും വിധത്തിലുള്ള അപാകത തോന്നിയാൽ ആ ഉത്തരവ് പുനഃപരിശോധിക്കുന്നതിനായി പരാതികൾ ബന്ധപ്പെട്ട വകുപ്പുമേധാവികൾക്ക് സമർപ്പിക്കാവുന്നതാണ്. സർക്കാരിൽ ലഭിക്കുന്ന ഇത്തരത്തിലുള്ള പരാതികളും നിയമാനുസൃതം പരിശോധിച്ച് ആവശ്യമായ നടപടികളെടുക്കാറുണ്ട്. ജവാന്മാരുടെ അടുത്ത ബന്ധുക്കൾക്ക് സ്വന്തം സ്ഥലത്തേയ്ക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിന് ഇളവുകൾ നൽകിക്കൊണ്ടുള്ള ഉത്തരവുകൾ നിലവിലുണ്ട്. അവശ്യം വേണ്ടിവരുന്ന സന്ദർഭങ്ങളിൽ സർവ്വീസ് സംഘടനകളുടെ പ്രതിനിധികളുമായി ചർച്ച നടത്തി പൊതുമാന ദണ്ഡത്തിന്റെ കാര്യത്തിൽ ആവശ്യമായ ക്ളാരിഫിക്കേഷൻ നൽകുന്നതാണ്. വനിതാ ജീവനക്കാർക്ക് അതാതു ജില്ലകളിൽ തന്നെ നിയമനം നൽകുന്ന കാര്യത്തിൽ അവരുടെ പ്രശ്നങ്ങൾ പഠിച്ചശേഷം ബന്ധപ്പെട്ട വകുപ്പ് അദ്ധ്യക്ഷന്മാർക്കു തന്നെ ഉചിതമായ തീരുമാനം എടുക്കാവുന്നതാണ്. സ്ഥലംമാറ്റത്തിന്റെ ഭാഗമായി എന്തെങ്കിലും പീഡനം ജീവനക്കാർക്ക് ഉണ്ടായിട്ടുണ്ടെങ്കിൽ അത്തരം പ്രശ്നങ്ങൾ രേഖാമൂലം ഗവൺമെന്റിനെ അറിയിച്ചാൽ ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണ്. പൊതുമാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ കൃത്യസമയത്ത് തന്നെ ജീവനക്കാരുടെ

സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ച് അവർക്ക് അർഹതപ്പെട്ട പ്രൊമോഷൻ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചെയ്യേണ്ടത് അതാത് വകുപ്പദ്ധ്യക്ഷന്മാരാണ്. അവർ അത് ചെയ്യുന്നുണ്ടോ എന്ന കാര്യം ഗവൺമെന്റ് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. സംഘടനകളുടെ അംഗബലം സംബന്ധിച്ച് ശരിയായ നിലയിൽ വിലയിരുത്തിയിട്ടാണ് പൊതുമാനദണ്ഡത്തിൽ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിരിക്കുന്നത്. ആ വ്യവസ്ഥകൾ അനുസരിച്ച് ഗവണ്മെന്റും വകുപ്പുമേലധികാരികളും കൈക്കൊള്ളുന്ന നടപടികൾ പക്ഷപാതപരമായിട്ടുള്ളതാണെങ്കിൽ അത് ചോദ്യം ചെയ്യാനുള്ള സാധ്യതകൾ ഉണ്ട്. അങ്ങനെ ചോദ്യം ചെയ്യപ്പെടുകയാണെങ്കിൽ, നിലവിലുള്ള വ്യവസ്ഥകളുടെ ന്യൂനതകൾ മനസ്സിലാക്കി അവശ്യം ചെയ്യേണ്ട കാര്യങ്ങൾ ചെയ്യുന്നതാണ്. മാനദണ്ഡങ്ങൾ പാലിക്കാതെ സ്ഥലംമാറ്റം നടന്നതായി വ്യക്തമായ തെളിവുകളുണ്ടെങ്കിൽ, അക്കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. സ്ഥലംമാറ്റത്തിന്റെ കാര്യത്തിൽ വിധവകൾക്ക് ഇളവ് കൊടുക്കുന്ന കാര്യം പൊതുമാനദണ്ഡം ഇനി ചർച്ച ചെയ്യുന്ന അവസരത്തിൽ പരിഗണിക്കുന്നതാണ്. കാസർകോട്, ഇടുക്കി, വയനാട് തുടങ്ങിയ ജില്ലകളിലേയ്ക്ക് സ്ഥലംമാറ്റം കിട്ടിയ ജീവനക്കാരിൽ പലരും അവിടെ ജോലി ചെയ്യാതെ അവധിയിൽ പോകുന്നതുമൂലമുള്ള വിഷമതകൾ ഗൗരവമായി പരിശോധിച്ച് ഗവണ്മെന്റ് നടപടി എടുത്തുകൊണ്ടിരിക്കുകയാണ്. ജീവനക്കാരുടെ ഇടയിൽ ബോധവൽക്കരണം നടത്തി കൃത്യനിർവ്വഹണം ശരിയായ രീതിയിൽ നടത്തിക്കാനുള്ള ശ്രമമാണ് ഗവണ്മെന്റ് നടത്തുന്നത്. അത് പരാജയപ്പെടുകയാണെങ്കിൽ ഇടുക്കി, വയനാട് തുടങ്ങിയ റൂറൽ മേഖലകളിൽ നിർബന്ധമായും രണ്ടോ മൂന്നോ

വർഷം സേവനമനുഷ്ഠിക്കണമെന്നതു സംബന്ധിച്ച് നിയമനിർമ്മാണം നടത്തുന്ന കാര്യത്തെക്കുറിച്ച് ആലോചിക്കുന്നതാണെന്ന് ഒരു ഉപചോദ്യത്തി നുത്തരമായി മുഖ്യമന്ത്രി വ്യക്തമാക്കി.

31 (*302) ഫിഷർമെൻ വെൽഫയർ സൊസൈറ്റി പുനരുദ്ധരിക്കാൻ നടപടി.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ.എസ്. ശർമ്മ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് 1984-ൽ മത്സ്യഫെഡ് രൂപീകൃതമായതിനുശേഷം എൻ.സി.ഡി.സി.യുടെ നിർദ്ദേശപ്രകാരം മത്സ്യത്തൊഴിലാളി ക്ഷേമ സംഘങ്ങൾക്ക് പകരമായി സഹകരണ സംഘങ്ങളായി രജിസ്റ്റർ ചെയ്ത് മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്ത 654 സംഘങ്ങൾ ഉൾപ്പെടെ ആകെ 748 പ്രാഥമിക സഹകരണ സംഘങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. മൽസ്യത്തൊഴിലാളികൾക്ക് പ്രാഥമിക സംഘങ്ങളിൽ അംഗത്വം കിട്ടുന്നില്ലെന്നും അവർക്ക് അഫിലി യേഷൻ കിട്ടുന്നില്ലെന്നുമുള്ള പരാതി സംബന്ധിച്ച് ഫിഷറീസ് ഡയറക്ടർ, മൽസ്യഫെഡ് ചെയർമാൻ, മൽസ്യഫെഡ് എം.ഡി തുടങ്ങിയവർ പരിശോധിച്ച് അർഹതപ്പെട്ടവർക്ക് അംഗത്വം നിഷേധിക്കുന്ന അവസ്ഥ ഉണ്ടാകാൻ പാടില്ലെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. തീരപ്രദേശത്തെ മൽസ്യ ത്തൊഴിലാളി സംഘങ്ങൾക്ക് ലഭിക്കുന്നതുപോലുള്ള ആനുകൂല്യങ്ങൾ ഉൾനാടൻ മൽസ്യസഹകരണസംഘങ്ങൾക്കും ലഭ്യമാക്കാൻ കഴിയുന്ന വിധത്തിലുള്ള നടപടി സ്വീകരിക്കുന്നതാണ്. സിവിൽ സപ്ളൈസ്, ഫിഷറീസ് എന്നീ വകുപ്പുകളും മൽസ്യഫെഡും കൂടി നടത്തുന്ന സംയുക്തപരിശോധനയുടെ അടിസ്ഥാനത്തിലാണ് ഇപ്പോൾ മൽസ്യ ത്തൊഴിലാളികൾക്ക് മണ്ണെണ്ണ പെർമിറ്റ് കൊടുക്കുന്നത്. ഇത് പ്രാഥമിക

സംഘങ്ങളെ ഏൽപ്പിക്കുന്ന കാര്യത്തിൽ ഗവണ്മെന്റ് നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല. നിലവിലുള്ള സംവിധാനത്തിൽ എങ്ങനെ മാറ്റം വരുത്തണമെന്ന കാര്യത്തിൽ അതിന്റെ പ്രായോഗികവശം പരിശോധിച്ച് സിവിൽസപ്ളൈസ് ഡിപ്പാർട്ട്മെന്റിന്റെ അഭിപ്രായം കൂടി പരിഗണിച്ച് തീരുമാനം എടുക്കുന്നതാണ്. മൽസ്യസഹകരണസംഘങ്ങളുടെ പ്രവർത്തനം അട്ടിമറിച്ചുകൊണ്ട് ഏതെങ്കിലും പ്രദേശത്ത് ബോഗസ് സംഘങ്ങൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. നിലവിലുള്ള വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് മൽസ്യഫെഡിൽ നിയമനങ്ങൾ നടക്കുന്നത്. തീരപ്രദേശത്ത് 334 സഹകരണ സംഘങ്ങളും ഉൾനാടൻ മേഖലയിൽ 186 സഹകരണസംഘങ്ങളുമാണ് പ്രവർത്തിക്കുന്നത്. അതിൽ 99 സംഘങ്ങളാണ് സജീവമായി പ്രവർത്തിക്കുന്നത്. ബാക്കിയുള്ളവയിൽ പ്രവർത്തനരഹിതമായതും പ്രവർത്തിക്കാൻ സാധ്യതയുള്ളതുമായ സംഘങ്ങൾ ഏതൊക്കെയാണെന്ന് പരിശോധിക്കാൻ നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമായാൽ ഉൾനാടൻ മൽസ്യമേഖലയിലെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. ക്ഷേമനിധി ബോർഡ് വഴി അർഹരായ മൽസ്യത്തൊഴിലാളികൾക്ക് പെൻഷൻ കൊടുക്കാനായി തുക അനുവദിക്കുന്നത് സർക്കാരാണ്. ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള തുക തികയാതെ വരുമ്പോൾ അഡീഷണൽ ആതറൈസേഷൻ വഴി തുക അനുവദിക്കുന്നതാണ്. മൽസ്യത്തൊഴിലാളികളുടെ മക്കളുടെ വിവാഹം, കുട്ടികളുടെ പഠനം എന്നിവയ്ക്ക് സാമ്പത്തികസഹായം അനുവദിക്കുന്നുണ്ട്. കൂടാതെ മൽസ്യത്തൊഴിലാളികളുടെ ചികിൽസയ്ക്കും അവർക്ക് അപകടം സംഭവിക്കുമ്പോഴും മരണം സംഭ

വിക്കുമ്പോഴും സാമ്പത്തികസഹായം അനുവദിക്കുന്നുണ്ട്. മൽസ്യബന്ധനം നടത്തിക്കൊണ്ടിരിക്കുമ്പോൾ മരണം സംഭവിച്ചാൽ പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ മരണകാരണം ഹാർട്ട് അറ്റാക്ക് ആണെന്ന് വന്നാൽ ഇൻഷ്വറൻസ് ആനുകൂല്യം കൊടുക്കുകയില്ല എന്നുള്ള നിലപാട് സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ഇൻഷ്വറൻസ് കമ്പനിയുമായി ചർച്ച ചെയ്ത് പെൻഡിംഗ് കേസ്സുകളിൽ രണ്ടു മാസത്തിനകം തീർപ്പു കൽപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പീലിംഗ് ഷെഡ്ഡുകളിൽ ജോലി ചെയ്യുന്ന സ്ത്രീ തൊഴിലാളികൾക്ക് സാമ്പത്തികസഹായം നൽകുന്നതിനുള്ള ഒരു സ്കീം വെൽഫയർ ബോർഡുമായി ബന്ധപ്പെട്ട് നടപ്പാക്കുന്നുണ്ട്. സുനാമിയിൽ മരണപ്പെട്ടവരുടെ കടങ്ങൾ മൽസ്യത്തൊഴിലാളി കടാശ്വാസ നിയമത്തിന്റെ അടിസ്ഥാനത്തിലാണ് എഴുതിത്തള്ളുന്നത്. പ്രൈമറി സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിലുള്ള രാഷ്ട്രീയ അതിപ്രസരം ഒഴിവാക്കിക്കൊണ്ട് ആ മേഖലയുടെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാനാണ് ഗവണ്മെന്റ് തീരുമാനിച്ചിരിക്കുന്നത്. 2006-ലെ കേരള മൽസ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമസെസ്സ് നിയമം നടപ്പിലാക്കുന്നതിനുവേണ്ടി അസ്സസ്സിംഗ് ഓഫീസർമാരെ നിയോഗിച്ചുകഴിഞ്ഞു. ആ നിയമമനുസരിച്ചുള്ള നികുതി ഈടാക്കുന്നതിനായി പ്രത്യേകം പ്രൊഫോർമ തയ്യാറാക്കിവരികയാണ്. ഏതാനും ആഴ്ചകൾക്കുള്ളിൽ അതു സംബന്ധിച്ച നടപടികളുമായി മുന്നോട്ടുപോകുന്നതാണ്. മൽസ്യമേഖലയിലെ അനുബന്ധ തൊഴിലാളികളുടെ പ്രശ്നങ്ങൾ മനസ്സിലാക്കി അവർക്ക് ആശ്വാസനടപടികൾ സ്വീകരിക്കുന്നതിന് ഗവണ്മെന്റ് പ്രതിജ്ഞാബദ്ധമാണെന്ന് ഒരു ഉപചോദ്യത്തിനുത്തരമായി മന്ത്രി വ്യക്തമാക്കി.

32(*303) <u>കേന്ദ്ര തീരപരിപാലന നിയമം.</u>

മുഖ്യമന്ത്രി നൽകിയ മറുപടിയിൽ, കേന്ദ്ര തീരപരിപാലന നിയമം നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ ശാസ്ത്ര സാങ്കേതിക വകുപ്പ് സ്വീകരിച്ചുവരുന്നുവെന്ന് സഭയെ അറിയിച്ചു. ശാസ്ത്ര സാങ്കേതിക വകുപ്പ് ഇതുസംബന്ധിച്ച് വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള പ്രവർത്തനം നടത്തിവരുന്നു. കടലും കടൽത്തീരവുമായി പരമ്പരാഗതബന്ധമുള്ള മത്സ്യത്തൊഴിലാളി സമൂഹത്തെ പാർശ്വവൽക്കരിക്കുന്നതോ അവരുടെ തൊഴിലിനെ പ്രതികൂലമായി ബാധിക്കുന്നതോ അവരോട് വിവേചനം പുലർത്തുന്നതോ ആയ ഒരു വ്യവസ്ഥയും Coastal Management Zone (CMZ) വിജ്ഞാപനത്തിൽ ഉണ്ടാകരുതെന്നാണ് സർക്കാരിന്റെ അഭിപ്രായം. പുതിയ കരട് CMZ വിജ്ഞാപനത്തിൽ, ടൂറിസം, നിർമ്മാണ മേഖലകളിൽനിന്നുള്ള പുതിയ സംരംഭകർക്ക് തീരദേശവിഭവങ്ങളുടെയും തീരക്കടലിന്റെയും തീരഭൂമിയുടെയും ഉപയോക്താക്കളായി യഥേഷ്ടം കടന്നുവരാൻ അവസരമൊരുക്കുന്ന ഒട്ടേറെ പഴുതുകൾ ഉള്ളതിനാൽ, ഇന്നത്തെ തീരദേശസമൂഹം പിഴുതുമാറ്റപ്പെടാനുള്ള സാദ്ധ്യത വളരെ കൂടുതലാണ്. ഇതിനെ ഫലപ്രദമായി ചെറുക്കുന്ന തരത്തിൽ പുതിയ കരടുവിജ്ഞാപനത്തിലെ വ്യവസ്ഥകൾ ഭേദഗതി ചെയ്യണമെന്നതാണ് സർക്കാരിന്റെ നിലപാട്. മത്സ്യബന്ധന മേഖലയിലെ വിവിധ സംഘടനാ പ്രതിനിധികളെ പങ്കെടുപ്പിച്ച് തിരുവനന്തപുരത്തും കൊച്ചിയിലുംവച്ച് ചർച്ച നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ഉയർന്നുവന്ന ട്രേഡ് യൂണിയൻ പ്രതിനിധികളുടെ ആശങ്കയും അഭിപ്രായങ്ങളും കണക്കിലെടുത്ത് സംസ്ഥാന

സർക്കാരിന്റെ നിർദ്ദേശങ്ങൾ 26-06-2008-ന് കേന്ദ്ര സർക്കാരിനെ അറിയിക്കുകയും ചെയ്തു. തീരദേശ മാനേജ്മെന്റ് നിയമത്തിലെ പോരായ്മകൾ ചൂണ്ടിക്കാണിച്ച് സംസ്ഥാന സർക്കാർ 23-08-2007-ൽ തന്നെ കേന്ദ്ര വനം-പരിസ്ഥിതി വകുപ്പിന്റെ ചുമതലയുള്ള ശ്രീ. നമോനാരായൺ മീണയ്ക്ക് കത്തെഴുതിയിരുന്നു. തീരദേശപരിപാലന നിയമത്തെ സംബന്ധിച്ച കരട് വിജ്ഞാപനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധികാരം പരാമർശിച്ചിട്ടുണ്ട്. കേന്ദ്ര തീരദേശപരിപാലന നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി തീരപ്രദേശത്ത് താമസിക്കുന്ന പരമ്പരാഗതമൽസ്യത്തൊഴിലാളികളുടെ വീടുകൾക്ക് നമ്പർ കൊടുക്കാത്തതുമൂലം വൈദ്യുത കണക്ഷൻ, കുടിവെള്ളം എന്നിവ ലഭ്യമാകാത്ത അവസ്ഥ സംബന്ധിച്ച് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. തീരദേശത്ത് താമസിക്കുന്ന ആളുകളുടെ വീട്ടുനമ്പർ കൊടുക്കുന്നതിനായുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും നിലവിലുള്ള വീടുകൾക്ക് നമ്പർ കൊടുക്കാൻ സാധിക്കുമെന്നും തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി വ്യക്തമാക്കി. കേന്ദ്ര തീരദേശപരിപാലനനിയമവുമായി ബന്ധപ്പെട്ട് തീരദേശത്തെ തൊഴിലാളി സംഘടനകൾ മുന്നോട്ടുവച്ചിട്ടുള്ള നിർദ്ദേശങ്ങൾ കേന്ദ്രഗവണ്മെന്റിനെ അറിയിച്ചിട്ടുണ്ട്, കേന്ദ്രഗവണ്മെന്റിന്റെ പ്രതികരണം അറിഞ്ഞശേഷം ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. തീരദേശപരിപാലന നിയമത്തിന്റെ ഭാഗമായി തീരദേശത്ത് നിന്ന് 200 മീറ്റർ ഒഴിവാക്കി നിർമ്മാണപ്രവർത്തനങ്ങൾ നടത്തണമെന്നുള്ള നിർദ്ദേശം വന്നതുമൂലം അഞ്ചുതെങ്ങ് തീരപ്രദേശത്തുണ്ടായ ബുദ്ധിമുട്ട് സംബന്ധിച്ച് കേന്ദ്രഗവണ്മെന്റിനെ സമീപിച്ച്

ആവശ്യമായ കാര്യങ്ങൾ ചെയ്യുന്നതാണെന്ന് ഒരു ഉപചോദ്യത്തിനുത്തരമായി മുഖ്യമന്ത്രി വ്യക്തമാക്കി.

33(* 304) ഭക്ഷ്യ എണ്ണ വിതരണം.

ഭക്ഷ്യവും സിവിൽസപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി.ദിവാകരൻ) നൽകിയ മറുപടിയിൽ, ഇറക്കുമതി ചെയ്ത ഭക്ഷ്യ എണ്ണ കുറഞ്ഞ നിരക്കിൽ റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്ന പദ്ധതി കേന്ദ്രസർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും ഇറക്കുമതി ചെയ്യുന്ന ശുദ്ധീകരിച്ച ഭക്ഷ്യ എണ്ണയ്ക്ക് (പാമോയിൽ) കിലോ ഗ്രാമിന് 12 രൂപാ മുതൽ 15 രൂപ വരെ സബ്സിഡി അനുവദിച്ച് റേഷൻ കടകൾ വഴി വിതരണം ചെയ്യുന്നതിനാണ് കേന്ദ്ര സർക്കാർ നിർദ്ദേശം നൽകി യിട്ടുള്ളതെന്നും സഭയെ അറിയിച്ചു. ഒരു റേഷൻ കാർഡിന്/കുടുംബത്തിന് ഒരു കിലോ ഭക്ഷ്യ എണ്ണ നൽകുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇതിന്റെ ഗുണ ഭോക്താക്കളെ തീരുമാനിക്കേണ്ടത് അതത് സംസ്ഥാന സർക്കാരാണ്. ഭക്ഷ്യ എണ്ണ ഇറക്കുമതി ചെയ്യുന്നതിന് അധികാരപ്പെടുത്തിയിട്ടുള്ള എം.എം.റ്റി.സി., പി.ഇ.സി., എസ്.ടി.സി., നാഫെഡ് തുടങ്ങിയ പൊതുമേഖലാ സ്ഥാപന ങ്ങൾക്കായിരിക്കും കേന്ദ്ര സർക്കാർ സബ്സിഡി നൽകുക. ഓരോ സംസ്ഥാനവും ആവശ്യമുള്ള ഭക്ഷ്യ എണ്ണ പൊതുമേഖലാ സ്ഥാപനത്തെ അറിയിക്കുകയും ശുദ്ധീകരിച്ച ഭക്ഷ്യ എണ്ണ (പാമോലിൻ) സ്ഥാപനത്തിൽ നിന്നും ഏറ്റെടുക്കേണ്ടതുമാണ്. എം.എം.റ്റി.സി. യുടെ 12-06-08 ലെ ഇ-മെയിലിലെ വിശദാംശങ്ങൾ പ്രകാരം 16 സംസ്ഥാനങ്ങൾ/കേന്ദ്ര ഭരണ പ്രദേശങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. ഇറക്കുമതി ചെയ്യുന്ന പാമോലിൻ 20% വരെ സബ്സിഡി നൽകി വിതരണം ചെയ്യുന്നത് നാളികേര

വില കുറയ്ക്കുമെന്നതിനാൽ, കേരകർഷകരെ സഹായിക്കുന്നതിന് വേണ്ടിയാണ് കേരളത്തെ ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ ആവശ്യപ്പെടാതിരുന്നത്. എന്നാൽ ഇതേ സബ്സിഡി കേരളത്തിലെ ഉൽപ്പന്നമായ വെളിച്ചെണ്ണയ്ക്ക് അനുവദിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഭക്ഷ്യ എണ്ണയുടെ വിതരണകാര്യത്തിൽ എ.പി.എൽ/ബി.പി.എൽ. വിവേചനം ഉണ്ടാവുകയില്ല. പാമോയിൽ ഇറക്കുമതി സംസ്ഥാനത്തെ തുറമുഖങ്ങളിൽ സംസ്ഥാന സർക്കാർ നിരോധിച്ചിരിക്കുകയാണ്. നാളികേരത്തിൽ നിന്ന് പുതിയ ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കാനാവശ്യമായ മാതൃകാപരമായ പദ്ധതി കൃഷിവകുപ്പ് ആവിഷ്ക്കരിച്ചുകൊണ്ടിരിക്കുകയാണെന്ന് ഒരു ഉപചോദ്യത്തിനുത്തരമായി മന്ത്രി വ്യക്തമാക്കി.

34 (*305) <u>ഉദ്യോഗനിയമനത്തിൽ സാമ്പത്തികസംവരണം</u>.

മുഖ്യമന്ത്രി നൽകിയ മറുപടിയിൽ, നിലവിൽ സംസ്ഥാനത്ത് 50% തസ്തികകളിലേയ്ക്ക് ഉദ്യോഗ സംവരണം നൽകി വരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. ഇന്ദിരാ സാഹ്നി Vs യൂണിയൻ ഓഫ് ഇൻഡ്യ കേസിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി, സംവരണം 50% ആയി നിജപ്പെടുത്തിയിട്ടുണ്ട്. മുന്നോക്ക സമുദായങ്ങളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്കു സംവരണം നൽകുന്നതു സംബന്ധിച്ച് പഠനം നടത്തുവാൻ കേന്ദ്ര സർക്കാർ നിയമിച്ച സാമ്പത്തിക പിന്നോക്ക വിഭാഗ കമ്മീഷൻ 2008 ജൂൺ മാസത്തിൽ കേരളം സന്ദർശിക്കുകയും സാമുദായിക സംഘടനകളുമായി ചർച്ചകൾ നടത്തുകയുമുണ്ടായി. എന്നാൽ ടി കമ്മീഷനിൽ നിന്നോ കേന്ദ്ര സർക്കാരിൽ നിന്നോ ഇതു സംബന്ധിച്ച റിപ്പോർട്ടുകളോ ശുപാർശകളോ ലഭി

ച്ചിട്ടില്ല. ആയത് ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് ഉചിതമായ തീരുമാനം എടുക്കുന്നതാണ്.

(നക്ഷത്രചിഹ്നമിട്ട 306 മുതൽ 330 വരെയുള്ള (25) ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 2468 മുതൽ 2686 വരെയുള്ള ചോദ്യങ്ങളിൽ 173 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)